**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4601** **19-07-2022 - ൽ മറുപടിയ്ക്ക്**

**ചിറക്കര കെ.ഐ.പി. ലിഫ്റ്റ് ഇറിഗേഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചിറക്കര കെ.ഐ.പി. ലിഫ്റ്റ് ഇറിഗേഷന്റെയും പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെയും പൂർത്തീകരണവുമായി ബന്ധപ്പെട്ട രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ചിറക്കര ലിഫ്റ്റ് ഇറിഗേഷന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് താഴെ<br><br>പറയുന്ന പ്രവൃത്തികൾ നടന്നു വരുന്നു.<br><br>1. കെ.ഐ.പി പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 0 മുതൽ 23000 വരെയുള്ള പുന:രുദ്ധാരണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.<br><br>2.ചിറക്കരയിലെ പമ്പിംഗ് നടത്തുന്നതി നാവശ്യമായ മെക്കാനിക്കൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.<br><br>3. ഇലക്ട്രിക്കൽ വർക്കുകൾ, ട്രാൻസ്ഫോർമർ എന്നിവയുടെ പ്രവൃത്തികൾ അതിവേഗം പുരോഗമിച്ചു വരുന്നു. |
| (ബി) | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വ്യക്തമാക്കാമോ; | (ബി) | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് കെ.ഐ.പി പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 23000 മുതൽ 32330 വരെയുള്ള പുന:രുദ്ധാരണ പ്രവൃത്തികളും, ഭൂതക്കുളം. കോട്ടപ്പുറം ഡിസ്ട്രിബ്യൂട്ടറികളുടെ ബാലൻസ് പ്രവൃത്തികളും പൂർത്തികരിക്കേണ്ടതുണ്ട്. |
| (സി) | പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ? | (സി) | പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 23000 മുതൽ 32330 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ